

# പുത്തൻവേലിക്കര (മാളവന) സെന്റ് ജോർജ്ജസ് ഇടവക

പുരാതന ക്രൈസ്തവ പാരമ്പര്യമുള്ള പുത്തൻവേലിക്കര പ്രദേശം ആദ്യകാലങ്ങളിൽ പറവൂർ ഇടവകയുടെയും അനന്തരം ചേന്ദമംഗലം ഇടവകയുടെയും പരിധിയിൽ ആയിരുന്നു. അന്നത്തെ നാടുവാഴിയുടെ കല്പനപ്രകാരം കരം ഒഴിവാക്കി പതിച്ചുകിട്ടിയ ഇന്നത്തെ പള്ളിയിരിക്കുന്ന തളിയൻ മനവക പറമ്പിൽ പിന്നീട്, ചേന്ദമംഗലം പള്ളിയുടെ അനുവാദത്തോടെ, ഒറ്റക്കല്ലിൽ തീർത്ത കുരിശുനാട്ടി അതിനോട് അനുബന്ധമായി ഇല്ലിമുളയും വൈക്കോലും ഉപയോഗിച്ച് ഒരു ഷെഡ് നിർമ്മിച്ചു. ഇതായിരുന്നു ആദ്യത്തെ പ്രാർത്ഥനാലയം.

## ദേവാലയം

പിന്നീട്, 1820-ൽ സെന്റ് ജോർജ്ജസ് ദേവാലയം പണിതുയർത്തി. അചിരേണ സിമിത്തേരി അനുവദിച്ചു കിട്ടിയപ്പോൾ ഇത് ഒരു ഇടവകയായി. ഈ ഇടവകയുടെ കീഴിൽ പുത്തൻവേലിക്കര വടക്കുംമുറിയിൽ ഇൻഫന്റ് ജീസ്സസ് പള്ളി സ്ഥാപിതമായതിനെത്തുടർന്ന് സെന്റ് ജോർജ്ജസ് പള്ളി 'മാളവന പള്ളി' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1923-ൽ പുത്തൻവേലിക്കര (ചിറ്റാറ) ഉണ്ണിമിശിഹാപള്ളിയും, 1958-ൽ മടത്തുംപടി സെന്റ് അഗസ്റ്റിൻസ് പള്ളിയും, 1972-ൽ ആലമറ്റം പരിശുദ്ധ അമലോത്ഭവ മാതാവിന്റെ പള്ളിയും ഈ ഇടവകയിൽ നിന്ന് രൂപംകൊണ്ടതാണ്. ഇവിടത്തെ പഴയ പള്ളി, കാലാന്തരത്തിൽ സൗകര്യാർത്ഥം നവീകരിക്കുകയും പല പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തിട്ടുള്ളതായി കാണാം.

ദേവാലയത്തോട് ചേർന്ന് കിഴക്കുഭാഗത്തുണ്ടായിരുന്ന പഴയ സിമിത്തേരിയുടെ സ്ഥാനത്ത് 1964-ൽ ബഹു. അബ്രാഹം കിഴക്കൂടൻ (Jr.) അച്ചന്റെ കാലഘട്ടത്തിൽ പള്ളിക്കടവ് റോഡിന് കിഴക്കുവശത്തായി വിശാലമായ ഒരു സിമിത്തേരിയും അതിൽ ഒരു കപ്പേളയും പണിതുയർത്തി. തുടർന്ന് പള്ളിക്ക് ആവശ്യമായ ഒരു പാരിഷ് ഹാളും നിർമ്മിച്ചു. 1986-ൽ പള്ളിയുടെ അൾത്താര പുതുക്കിപ്പണിയുകയും മദ്ബഹ മനോഹരമാക്കുകയും പള്ളി നവീകരിക്കുകയും ചെയ്തു.

## സേവനസാക്ഷ്യം

1970-ൽ ഇടവകയുടെ 150-ാം വാർഷികത്തോടനുബന്ധിച്ച് പള്ളിയുടെ നേതൃത്വത്തിൽ നാലേക്കറിലധികം ഭൂമി വാങ്ങി ഭൂരഹിതർക്ക് നല്കുകയുണ്ടായി. ഈ ഭവനനിർമ്മാണ പദ്ധതിയിൽപെട്ട വീടുകളുടെ ആശീർവാദകർമ്മം 1971 മാർച്ച് മാസത്തിൽ തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം നിർവ്വഹിച്ചു.



വൈദിക മന്ദിരം

## കപ്പേളകൾ, കോംപ്ലക്സുകൾ

പള്ളിയുടെ ആദ്യകാലങ്ങളിൽ സ്ഥാപിതമായ, ഏറ്റവും പുരാതനമായി അറിയപ്പെടുന്ന പള്ളിക്കടവിലുള്ള വി. കൊച്ചുത്രേസ്യയുടെ കപ്പേള 2002- ൽ അമലോത്ഭവമാതാ യൂണിറ്റിന്റെ സഹകരണത്തോടെ പുതുക്കിപ്പണിതു. ഈ ഇടവകക്കാരനായ പാലാട്ടി ഔസേഫ് പൊറിഞ്ചുവിന്റെ സംഭാവനയാണ് 1985-ൽ പള്ളിയുടെ കിഴക്കുഭാഗത്ത് മാളവന ജംഗ്ഷനിലുള്ള വി. യൗസേപ്പിതാവിന്റെ കപ്പേള. എളന്തിക്കര ജംഗ്ഷനിലുണ്ടായിരുന്ന (നാലുവഴി) കപ്പേള 1988-ൽ എളന്തിക്കര സമുദായം ഇടവകപ്പള്ളിക്ക് വിട്ടുകൊടുക്കുകയും തത്സ്ഥാനത്ത് വി. കൊച്ചുത്രേസ്യയുടെ നാമധേയത്തിലുള്ള കപ്പേളയും ഷോപ്പിംഗ് കോംപ്ലക്സും പള്ളിയിൽ നിന്ന് നിർമ്മിക്കുകയും ചെയ്തു. പയ്യപ്പിള്ളി പളങ്കൻ ട്രസ്റ്റ് 1996-ൽ നിർമ്മിച്ച് പള്ളിക്ക് നല്കിയതാണ് ഫെറിയിലെ സെന്റ് സെബാസ്റ്റ്യൻസ് കപ്പേള. വട്ടേക്കാട്ട് കുന്നിലെ സെന്റ് ജോസഫ് കപ്പേള നസ്രത്ത് യൂണിറ്റ് പിന്നീട് പള്ളിക്ക് നല്കിയതാണ്. ഇടവകയുടെ സാമ്പ



സെന്റ് സെബാസ്റ്റ്യൻ കപ്പേള , ഫെറി



സെന്റ് ജോസഫ്, പള്ളിനട



വി.യൗസേപ്പിതാവിന്റെ കപ്പേള
വട്ടേക്കാട്ടുകുന്ന്



വി.കൊച്ചുത്രേസ്യ
(അങ്ങാടി)



വി. ചെറുപുഷ്പം കപ്പേള, എളന്തിക്കര

ത്തിക പുരോഗതിക്കുവേണ്ടി പള്ളിയിൽ നിന്ന് പണികഴിപ്പിച്ചിട്ടുള്ളതാണ് സെന്റ് ജോർജ്ജ് ഷോപ്പിംഗ് കോംപ്ലക്സ്.

## എൽ.പി. സ്ക്കൂൾ

പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ആശയമനുസരിച്ച് അറിവിന്റെയും നെറിവിന്റെയും ബാലപാഠങ്ങൾ ക്രിസ്തീയാന്തരീക്ഷത്തിൽ പകർന്നു കൊടുക്കാൻ സേക്രഡ് ഹാർട്ട് ഓഫ് ജീസസ് എൽ.പി. സ്ക്കൂളിന് 1926-ൽ തുടക്കമായെങ്കിലും 1931- ൽ ആണ് ഇത് ഒരു പൂർണ്ണ എൽ.പി. സ്ക്കൂളായി തീർന്നത്. 1976-ൽ ഇതിന്റെ ശാഖയായി പുത്തൻവേലി പള്ളിയോട് ചേർന്ന് ആരംഭിച്ച ഇൻഫന്റ് ജീസസ്, കാലാ



സേക്രഡ് ഹാർട്ട് ഓഫ് ജീസ്സസ് എൽ.പി. സ്ക്കൂൾ

ന്തരത്തിൽ സ്വതന്ത്ര എൽ.പി. സ്ക്കൂളായിത്തീർന്നു. 2001-ൽ സ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലി സ്മാരകമായി സ്റ്റേജും തിരുഹൃദയരൂപവും സ്ഥാപിച്ചു. 2008-ൽ മലയാളം മീഡിയത്തിനു പുറമെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളും ആരംഭിച്ചിട്ടുണ്ട്.

## ചാരിറ്റി കോൺവെന്റ്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വകയായി എളന്തിക്കരയിൽ ഉണ്ടായിരുന്ന സ്ഥലം കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനീസമൂഹത്തിന്റെ ഡി പോൾ പ്രോവിൻസിന് ദാനമായി നല്കുകയും 2000-ൽ മഠം സ്ഥാപിക്കുകയും അതിനോടുചേർന്ന് നഴ്സറി സ്ക്കൂൾ പ്രവർത്തിക്കുകയും ചെയ്യുന്നു.



ചാരിറ്റി കോൺവെന്റ് (സി.എസ്.സി.)

## പ്രേഷിതാരാം സിസ്റ്റേഴ്സ്

കാലടി ആസ്ഥാനമായി പ്രവർത്തിക്കുന്ന കോൺഗ്രിഗേഷൻ ഓഫ് പ്രേഷിതാരാം സിസ്റ്റേഴ്സിന്റെ മഠം - ഇരിങ്ങാലക്കുട രൂപതയിലെ ആദ്യത്തെ മഠം - ഈ ഇടവകയിൽ 2003-ൽ സ്ഥാപിതമായി. സി.എം.ഐ. ദേവമാതാ പ്രോവിൻസിന്റെ കീഴിൽ ദീർഘകാലം പ്രവർത്തിച്ചിരുന്ന സെന്റ് ജോസഫ് ഭവൻ (സി.എം.ഐ. ഹൗസ് & ബോയ്സ് ഹോം) അവർ നിർത്തലാക്കിയ സ്ഥലത്താണ് കോൺവെന്റ്. മഠത്തിന്റെ കീഴിൽ നഴ്സറി സ്ക്കൂളും സെന്റ് ജോസഫ്സ് ബാലികാഭവൻ എന്ന സ്ഥാപനവും പ്രവർത്തിച്ചുവരുന്നു.



പ്രേഷിതാരാം കോൺവെന്റ്

## കുടുംബസമ്മേളനം, സംഘടനകൾ

ഇടവകയുടെ മതബോധന പ്രവർത്തനങ്ങളും 1990-ൽ ബഹു. ജോസ് മഞ്ഞളിയച്ചന്റെ കാലത്ത് ആരംഭിച്ച കുടുംബയൂണിറ്റുകളും ഇടവകയെ ചൈതന്യപൂർണ്ണവും സജീവവുമാക്കുന്നു. വിവിധ സംഘടനകൾ ഇടവകയെ പ്രവർത്തനനിരതമാക്കുന്നു. സി.എൽ.സി. സംഘടന പള്ളിയുടെ കിഴക്കുഭാഗത്ത് കപ്പേളയ്ക്കു സമീപം പൊതുജനങ്ങൾക്കുവേണ്ടി വെയിറ്റിങ്ങ് ഷെഡ് സംഭാവന ചെയ്തു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കീഴിൽ ഒരു വെൽഡിങ്ങ് സെന്റർ സ്വന്തം സ്ഥലത്ത് പ്രവർത്തിച്ചിരുന്നു. പിന്നീട് 2000- ൽ പ്രസ്തുത സ്ഥലം ചാരിറ്റി കോൺവെന്റിന് ദാനമായി നല്കി. അൾത്താര ബാലസംഘം, 1983 ഒക്ടോബറിൽ രൂപംകൊണ്ട മാതൃസംഘം 2001-ൽ ചാരിറ്റബിൾ സൊസൈറ്റിയായും എസ്.എസ്.ഐ.യൂണിറ്റായും രജിസ്റ്റർ ചെയ്ത് വിവിധ കർമ്മപരിപാടികളിൽ വ്യാപൃതരായിരിക്കുന്നു.

## പ്രസ്ഥാനങ്ങൾ

1958-ൽ സ്ഥാപിതമായ സെന്റ് ജോർജ്ജസ് വിവാഹസഹായനിധിയും 1994-ൽ ആരംഭിച്ച സെന്റ് ജോർജ്ജ് സോഷ്യൽ ഫോറവും ഇടവകയുടെ വളർച്ചയിൽ ഗണ്യമായ പങ്ക് വഹിക്കുന്നു.

## നവീന ദേവാലയം, വൈദികമന്ദിരം

ഇടവകയിലെ കുടുംബങ്ങളുടെ എണ്ണം ക്രമേണ വർദ്ധിച്ചപ്പോൾ പള്ളി പുതുക്കി പണിയുന്നതിന് ശ്രമങ്ങളാരംഭിച്ചു. അതിനുവേണ്ടി ബഹു. പോൾ പയ്യപ്പിള്ളിയച്ചൻ, ബഹു. ബെന്നി കല്ലേലി അച്ചൻ എന്നിവർ പ്രവർത്തനം ആരംഭിച്ചു. ബഹു. ബെന്നിയച്ചന്റെ നേതൃത്വത്തിലാണ് ഇടവകയുടെ മുഖമൊഴിയായ "സാൻ ജ്യോതിസ്" പാരിഷ് ബുള്ളറ്റിൻ പ്രസിദ്ധീകരണം ആരംഭിച്ചത്.

2005-ൽ ബഹു. ബെൻസി ചീനാൻ അച്ചൻ പള്ളിപണിക്കുവേണ്ടിയുള്ള ഫണ്ടുശേഖരണം വിപുലമാക്കി. 2006 ഏപ്രിൽ 23-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പുതിയ ദേവാലയത്തിന്റെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു. 2008-ൽ നവീന വൈദികമന്ദിരവും ഹാളും ബിഷപ്പ് വെഞ്ചിരിച്ചു. 2009 ജനുവരി 4-ന് ദേവാലയ പ്രതിഷ്ഠാകർമ്മം നടത്തുകയും ചെയ്തു.



പഴയ പള്ളി

## ദൈവവിളികൾ

അവിഭക്ത തൃശ്ശൂർ രൂപതയുടെ മെത്രാനായിരുന്ന (1921-1942)അഭിവന്ദ്യ ഫ്രാൻസിസ് വാഴപ്പിള്ളി തിരുമേനി ഈ ഇടവകക്കാരനായിരുന്നു. പള്ളിയുടെ പ്രാരംഭത്തിനുവേണ്ടി ഉത്സാഹിച്ച പയ്യപ്പിള്ളി പളങ്കൻ തോമസച്ചനെ കൂടാതെ, യശ:ശരീരരായ പയ്യപ്പിള്ളി പളങ്കൻ കൊച്ചുതോമ കത്തനാർ, വാഴപ്പിള്ളി ദേവസി കത്തനാർ തുടങ്ങിയവർ ഈ ഇടവകക്കാരിൽ പ്രഗത്ഭരാണ്. കൂടാതെ പ്രശസ്തരായ 22 വൈദികരും 48 സന്യാസിനികളും രൂപതയിലും പുറത്തുമായി വിശിഷ്ട സേവനസാക്ഷ്യം നല്കിക്കൊണ്ട് മുന്നേറുന്നു.